പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2143

10-10-2011-ൽ മറുപടിയ്ക്ക്

## നദീതീരങ്ങളുടെ സംരക്ഷണം

| ചോദ്യം : ശ്രീ.കെ.ശിവദാസൻ നായർ | ഉത്തരം: പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) മഴക്കാലത്ത് വെള്ളം കുത്തിയൊലിക്കുന്നതു മൂലവും ക്രമാതീതമായ മണൽവാരൽ മൂലവും പുഴകളുടെ തീരങ്ങൾ ഇടിഞ്ഞ് ജനങ്ങളുടെ കൃഷിഭൂമിയും വസ്തുവകകളും നശിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത് പരിഹരിക്കുന്നതിനും നദികളുടെ തീരം സംരക്ഷിക്കുന്നതിനും എന്തെങ്കിലും പ്രത്യേക പദ്ധതി ഉണ്ടോ; | (ബി) നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ " ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമും", സംസ്ഥാന സർക്കാരിന്റെ കീഴിൽ നോൺ പ്ലാൻ ഹെഡിൽ, "ഫ്ളഡ് കൺട്രോൾ", "ഫ്ലഡ് ഡാമേജ്" എന്നീ പദ്ധതികളും ഉണ്ട്. |
| (സി) നിലവിൽ എത്ര കോടി രൂപയുടെ ബഡ്ജറ്റ് വിഹിതമാണ് ഈ വർഷം ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ളതെന്ന് അറിയി ക്കുമോ? | (സി) സംസ്ഥാന ആവിഷ്കൃത പദ്ധതികളായ "ഫ്ളഡ് കൺട്രോൾ", "ഫ്ലഡ് ഡാമേജ്" എന്നിവയ്ക്ക് സംസ്ഥാന ബഡ്ജറ്റിൽ 7.5 കോടി രൂപ വീതം ഈ വർഷം വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ